## എം. എ. മലയാളം - ഭാഷയും സാഹിത്യവും. (ഒന്നാം സെമസ്റ്റർ)

1. Code : MALI C01 (Early Malayalam Prose) ആദ്യകാല മലയാളഗദ്യം

മലയാളഭാഷയുടെ ഉൽപ്പത്തിവികാസത്തെയും സമകാലികാവസ്ഥയെയും വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുക എന്നതാണ് ആദ്യകാലമലയാളഗദ്യം എന്ന പേപ്പർകൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധകാലഘട്ടത്തിലുണ്ടായ ഗദ്യമാതൃകകളെ സൂക്ഷ്മതയോടെ പരിചയപ്പെടുക; വിശകലനം ചെയ്ത് മനസ്സിലാക്കുക; ഭാഷാസൂത്രണപരമായ വിഷയങ്ങളിൽ തെളിഞ്ഞ കാഴ്ചപ്പാടോടെ ഇടപെടാൻ ശക്തരാക്കുക - ഇവയാണ് ഈ പഠനം കൊണ്ട് ലക്ഷ്യമാക്കുന്നത്. സാങ്കേതിക വിദ്യയും ഭാഷാപരിണാമവും, ഇന്റർനെറ്റ് മലയാളമാനകീകരണ സാധ്യതകളും സാംഗത്യവും പോലുള്ള വിഷയങ്ങൾ വരെ ഈ പഠനം വ്യാപിച്ചുകിടക്കുന്നു.

2. ആദ്യകാലമലയാളകവിത (MALI C02)
Early Malayalam Poetry.

മലയാളസാഹിത്യത്തിന്റെ സമ്പന്നധാരയായ കാവ്യസാഹിത്യത്തിന്റെ ഉൽപ്പത്തിവികാസത്തെയും പാരമ്പര്യത്തെയും വസ്തുനിഷ്ഠമായി മനസ്സിലാക്കുകയാണ് ഈ കോഴ്സുകൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധകാലഘട്ടങ്ങളിലുണ്ടായ പദ്യമാതൃകകളെ സൂക്ഷ്മതയോടെ പരിചയപ്പെടാനും വിശകലനം ചെയ്യാനും ഭാഷാസൂത്രണപരമായ വിഷയങ്ങളിൽ തെളിഞ്ഞ കാഴ്ചപ്പാടോടെ ഇടപെടാനും ഈ പഠനം സഹായകമാകണം. അതിനായി ചന്ദ്രോത്സവാദി പദ്യരചനകളും വാമൊഴിഗാനങ്ങളും തമിഴിലുള്ള സാഹിത്യവൈജാത്യങ്ങളും പാട്ടുസാഹിത്യം, മണിപ്രവാളസാഹിത്യം, ആട്ടക്കഥ, നാടകം ഭക്തിപ്രസ്ഥാനത്തിന്റെ അർത്ഥതലങ്ങൾ, 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലയാളകവിതാരംഗത്തുണ്ടായ പരിവർത്തനങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യുന്നു.

3. Code : MALIC03 - ആധുനിക കവിത (Modern Poetry)

സാഹിത്യത്തിലെ വിവിധ പ്രസ്ഥാനങ്ങളെ പരിചയപ്പെടുക, കാല്പനികപ്രസ്ഥാനത്തിന്റെ വികാസം, കാല്പനിക യാഥാർത്ഥ്യം എന്ന പുതിയ പരിപ്രേക്ഷ്യത്തെ പരിചയപ്പെടുത്തൽ, കാല്പനികതയുടെ തുടർച്ചകൾ, മാറിവരുന്ന ഭാഷയും ശൈലിയും വ്യക്തമാക്കുന്ന കവിതകളുടെ പഠനവും വിലയിരുത്തലും എന്നിവ ലക്ഷ്യമാക്കുന്നു.

4. Code : MALIE 1/4

D സ്ത്രീ - ദളിത് - പരിസ്ഥിതി സാഹിത്യം
(Feminist - Dalit - Eco literature)

ഭാഷ, ആഖ്യാനം, സൗന്ദര്യസങ്കല്പം, രാഷ്ട്രീയതന്ത്രങ്ങൾ, ആശയമണ്ഡലങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും പരിസ്ഥിതി, സ്ത്രീ, ദളിത് - ഇവയ്ക്ക് ആശയപരമായും ഭാവുകത്വപരമായും വലിയ സ്വാധീനം ചെലുത്താൻ സാധിച്ചിട്ടുണ്ട്. അവയെ സൈദ്ധാന്തികതലത്തിൽ അറിയുകയും പുതിയ കണ്ടെത്തലുകളിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ.

എം.എ മലയാളം - ഭാഷയും സാഹിത്യവും

(രണ്ടാം സെമസ്റ്റർ)

1. ആധുനിക മലയാള ഗദ്യം (Modern Prose)

Code : MAL2C05

മലയാള ഗദ്യത്തിന്റെ ആദ്യകാലരൂപങ്ങളും ആധുനികീകരണവും പ്രതിപാദിക്കുന്ന ഒരു പേപ്പറിന്റെ ഉദാഹരണമായിട്ടാണ് ഈ കോഴ്സ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഭാഷാസാഹിത്യത്തിന്റെ ആദ്യകാലഘട്ടത്തോടും പ്രധാനമായും പദ്യത്തിലൂടെ ആയിരുന്നെങ്കിൽ പിൽക്കാലഘട്ടത്തിൽ മുൻതൂക്കം ഗദ്യത്തിനാണ് എന്നു കാണാം. ഗദ്യസാഹിത്യത്തിന്റെ വികാസം വ്യക്തമാകുന്ന സാഹിത്യത്തിന്റെ ശാഖകളായി ഇതരനുകളുടെ മാതൃകകളെയും. അതിന്റെ വളർച്ചാ ഘട്ടങ്ങളെയും അടുത്തറിയുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. കവിത, ചെറുകഥ, നാടകം, നിരൂപണം തുടങ്ങി അതിന്റെ ഓരോ കൈവഴിയെയും അടുത്തറിയാവുന്ന തരത്തിൽ ചിട്ടപ്പെടുത്തിയ ചെറുകൃതികളെ മാതൃകകളെ കോഴ്സുകളുടെ ഭാഗങ്ങളായി നിർത്താൻ പാകത്തിലാണ് പാഠ്യപദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നത്.

2. മലയാള വ്യാകരണം (Malayalam Grammar)

Code : MAL2C06

മലയാള ഭാഷാവ്യാകരണം കേരളപാണിനീയത്തെ അടിസ്ഥാനമാക്കി സാമാന്യമായി പഠിച്ചു കഴിഞ്ഞ വിദ്യാർത്ഥികൾക്ക്, ഉയർന്ന തലത്തിൽ വിശാലമായ പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ് മലയാളവ്യാകരണപഠനം ലക്ഷ്യമിടുന്നത്. പരമ്പരാഗതമായ ഭാഷാപ്രയോഗ സമ്പ്രദായം എന്ന നിലയിൽ വ്യാകരണത്തിന്റെ സ്വഭാവവും രീതിയും മനസ്സിലാക്കുക; പാശ്ചാത്യവ്യാകരണ സമ്പ്രദായങ്ങളും ഭാരതീയ വ്യാകരണ പാരമ്പര്യ-

ത്തെയും സാമാന്യമായി അറിയുക; മലയാളത്തിലെ വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുക, മലയാള വ്യാകരണഗ്രന്ഥങ്ങളും അവയുണ്ടാക്കിയ വിമർശങ്ങളും ചേർന്ന് കേരളപാണിനീയത്തെ കേന്ദ്രമാക്കി സൃഷ്ടിച്ച വ്യാകരണ സംവാദത്തെ അറിഞ്ഞിരിക്കുക. മലയാളഭാഷയുടെ വിവിധ തലങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള നിരീക്ഷണങ്ങളെ വിമർശനാത്മകമായി പഠിക്കുക - എന്നീ ലക്ഷ്യങ്ങളോടെയാണ് പാഠ്യപദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്.

3. ഭാഷാശാസ്ത്രം (Linguistics)
Code : MAL2C07

വ്യത്യസ്തമായ ഘടകങ്ങളും പ്രയോഗപദ്ധതികളും ആവശ്യമായ ഭാഷാപഠനം, സാഹിത്യപഠനം എന്നീ രണ്ട് മേഖലകൾ അടങ്ങുന്നതാണ് ഈ കോഴ്സ്. ഭാഷയെയും ഭാഷയിലൂടെയുള്ള സർഗ്ഗാത്മകാവിഷ്കാരങ്ങളെയും വിശകലനപരമായി കാണാനും സർഗ്ഗസൃഷ്ടികളെക്കുറിച്ചുള്ള സ്വന്തം പ്രതികരണം ഭാഷാഘടനയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനുമുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്നത് ഭാഷാ-സാഹിത്യപഠനത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ, സങ്കേതങ്ങൾ, പ്രയോഗപദ്ധതികൾ എന്നിവയുടെ അടിത്തറയിൽ നിന്നുകൊണ്ടു മാത്രമേ സവിശേഷമായ ഇത്തരം വിശകലനശേഷികൾ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ സൈദ്ധാന്തികജ്ഞാനവും പ്രായോഗികശേഷികളും പ്രദാനം ചെയ്യാനാണ് ഈ പഠനം ശ്രമിക്കുന്നത്. ഭാഷാഘടനയും ഘടകങ്ങളും തിരിച്ചറിയുക, വിവിധ വാക്യരൂപങ്ങളും പ്രയോഗങ്ങളും തിരിച്ചറിയുകയും അവയുടെ സ്വന്തം ഭാഷയും

സാധ്യതകളും സവിശേഷതകളും തിരിച്ചറിയുക, ഭാഷാശാസ്ത്രത്തിന്റെ സങ്കേതങ്ങളും തിരിച്ചറിവുകളും ഉപയോഗിച്ച് ഭാഷാവ്യവഹാരങ്ങളെ വിശകലനം ചെയ്യാൻ സാധിക്കുന്ന വിധം വിദ്യാർത്ഥികൾ നിപുണരാവണം എന്നതാണ് കോഴ്സിന്റെ ഉദ്ദേശ്യം. സാഹിത്യപാഠങ്ങളുടെ പഠനത്തിനും വിശകലനത്തിനും ഭാഷാശാസ്ത്രസങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥി പ്രാപ്തി നേടിയിരിക്കണം.

4. അനുകല്പനം (Adaptation)
Code : MAL2E 2/8

വിവർത്തന പഠനങ്ങളുടെ വികാസമാണ് അനുകല്പനം എന്ന ശാഖയെ പ്രതിഷ്ഠിക്കുന്നത്. റോമൻ യാക്കോബ്സൺ ചിഹ്നാന്തരവിവർത്തനം എന്ന് വിളിച്ച ഈ ശാഖ ഒരു കലാരൂപത്തിന്റെയും തനത് ചിഹ്നങ്ങളിലേക്ക് മറ്റൊരു ചിഹ്നവ്യവസ്ഥയിലൂടെ ആശയങ്ങൾ കൈമാറുന്നതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ചിത്രം, കഥകളി തുടങ്ങിയവയുടെ രംഗാവതരണത്തിലൂടെ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിരുന്ന ആനന്ദകല്പന പാഠസ്വത്വത്തിന്റെ തെളിവുകളാണ്. കഥകളി ആട്ടമാണ് കാവ്യമെന്ന കഥകളിയുടെ ദർശനം ഇതിനെ പിന്തുണയ്ക്കുന്നു. ഭാഷയുടെയും കലാസാങ്കേതികതയുടെയും ചിഹ്നങ്ങളുടെയും തനതുസ്വരൂപങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണകൾ പകരാൻ ഈ കോഴ്സ് സഹായകമാകും.

എം. എ മലയാളം - ഭാഷയും സാഹിത്യവും.
(മൂന്നാം സെമസ്റ്റർ)

1. സാഹിത്യസിദ്ധാന്തം (പ്രാചീനം)

Code : MAL3C09 (Literary Theory) (Early Phase)

സാഹിത്യചിന്തയുടെ ദാർശനികപശ്ചാത്തലവും സൈദ്ധാന്തികവിവക്ഷകളും തിരിച്ചറിയാനും അന്വേഷണവിധേയമാക്കുക, വിവിധ സമീപനങ്ങളെ വിമർശനാത്മകമായി നോക്കിക്കാണുക എന്നിവയാണ് ഈ കോഴ്സിന്റെ ലക്ഷ്യങ്ങൾ. മലയാളസാഹിത്യത്തിന്റെ ഗഹനതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വേണ്ട സൈദ്ധാന്തികമായ അടിത്തറ സൃഷ്ടിക്കുകയാണ് ലക്ഷ്യം. രസം, അലങ്കാരം, വക്രോക്തി, രീതി, ധ്വനി, ഔചിത്യം എന്നീ സിദ്ധാന്തങ്ങളെ പരിചയപ്പെടുന്നു. ഭാരതീയ സാഹിത്യചിന്തയുടെ അടിസ്ഥാന പരികല്പനകൾ, വ്യത്യസ്ത സമീപനങ്ങളായ രസചിന്ത, അലങ്കാരപദ്ധതി, രീതി ദർശനം, ധ്വനി പദ്ധതി, ഔചിത്യവിചാരം, വക്രോക്തി ദർശനം, കാവ്യരചനാ തന്ത്രങ്ങൾ, ഭാരതീയ സാഹിത്യതത്വചിന്ത, യവന റോമൻ സൗന്ദര്യദർശനങ്ങൾ ഇവ പശ്ചാത്തലമായി സ്വീകരിച്ചുകൊണ്ട് പൗരസ്ത്യവും പാശ്ചാത്യവുമായ ക്ലാസിക് സാഹിത്യപദ്ധതികളെക്കുറിച്ച് ആഴത്തിൽ മനസിലാക്കുന്നതാണ്.

2. കേരള സംസ്കാരം (Kerala Culture)

Code : MAL3C010.

കേരളത്തിന് അതിപ്രാചീനമായ ഒരു ചരിത്രം ഉണ്ട്. ആദികാല ഗോത്രജനതയും അവരുടെ പ്രത്യേകമായ സംസ്കാരങ്ങളും ആര്യ വർഗ്ഗം ഇടകലർന്നതും ഒരു പുത്തൻസംസ്കാരം രൂപപ്പെടുകയും ചെയ്തു. അത് സവിശേഷമായ ഒരു

എം എ മലയാളം - ഭാഷയും സാഹിത്യവും
(നാലാം സെമസ്റ്റർ)

1. സാഹിത്യസിദ്ധാന്തം (ആധുനികം)

Code : MAL4C013.

ഡാർവിൻ, കാൾ മാർക്സ്, ഫ്രോയിഡ് എന്നീ മൂന്ന് ചിന്തകന്മാരുടെയും ചിന്തകളാണ് ആധുനിക കാലത്തെ സ്വാധീനിച്ച പ്രധാന വിഷയങ്ങൾ എന്നു കാണാം. ഇവയിലൂടെ വിവിധ വിഷയവാദങ്ങളായ അന്തർചിന്ത വൈജ്ഞാനികമേഖലകളുടെ വികാസത്തിന് വഴിതെളിച്ചു. ആധുനികസാഹിത്യരൂപങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ആവിർഭാവവും വളർച്ചയും ചരിത്രപരമായി വിശകലനം വിധേയമാക്കണം. സാഹിത്യപഠനം സാംസ്കാരികപഠനമായും സാംസ്കാരികപഠനം ചരിത്രപഠനമായും മാറിക്കഴിഞ്ഞിരിക്കുന്നു. എല്ലാ വൈജ്ഞാനികധാരകളെയും സമന്വയിപ്പിച്ചുകൊണ്ട് വിമർശനത്തിലൂടെ ഒരു നവീന ചിന്താപദ്ധതി സ്വാംശീകരിക്കുക എന്നതാവണം ലക്ഷ്യം. അതിന് വിവിധ പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളുടെയും താത്വികചിന്തകളുടെയും ആഴത്തിലുള്ള പഠനവും അപഗ്രഥനവും ആവശ്യമായിരിക്കുന്നു.

2. വിവർത്തനം : തത്വവും പ്രയോഗവും

Code : MAL4C014

സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാഹിത്യപരവുമായ അന്താരാഷ്ട്രബന്ധങ്ങളുടെ വ്യത്യസ്ത മാനങ്ങളുള്ള ഒരു പാലമാണ് വിവർത്തനം. സങ്കീർണ്ണമായ വെല്ലുവിളികൾ നേരിടുന്ന ഒരു സാംസ്കാരികപ്രക്രിയയാണ് വിവർത്തനം. വിവർത്തനത്തിന്റെ താത്വികവും പ്രായോഗികവുമായ അവസ്ഥകളെക്കുറിച്ച് സാമാന്യമായി

എം എ മലയാളം - ഭാഷയും സാഹിത്യവും
(നാലാം സെമസ്റ്റർ)

1. സാഹിത്യസിദ്ധാന്തം (ആധുനികം)

Code : MAL4C013.

ഡാർവിൻ, കാൾ മാർക്സ്, ഫ്രോയിഡ് എന്നീ മൂന്ന് ചിന്തകന്മാരുടെയും ചിന്തകളാണ് ആധുനിക കാലത്തെ സ്വാധീനിച്ച പ്രധാന വിചാരങ്ങൾ എന്ന് കാണാം. ഇവയിലൂടെ വിപ്ലവാത്മകമായ ആന്തരചിന്ത വൈജ്ഞാനികമേഖലകളെ വികാസത്തിന് വഴിതെളിയിക്കും. ആധുനികസാഹിത്യരൂപങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ആവിർഭാവവും വളർച്ചയും ചരിത്രപരമായി വിശകലന വിധേയമാക്കണം. സാഹിത്യപഠനം സാംസ്കാരികപഠനമായും സാംസ്കാരികപഠനം ചരിത്രപഠനമായും മാറിക്കൊണ്ടിരിക്കുന്നു. എല്ലാ വൈജ്ഞാനിക ധാരകളെയും സമന്വയിപ്പിച്ചുകൊണ്ട് വിമർശനത്തിലൂടെ ഒരു നവ ചിന്താപദ്ധതി സ്വാംശീകരിക്കുക എന്നതാവണം ലക്ഷ്യം. അതിന് വിവിധ പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളുടെയും താത്ത്വികചിന്തകളുടെയും ആധുനികതയുടെ പഠനവും അപഗ്രഥനവും ആവശ്യമായിരിക്കുന്നു.

2. വിവർത്തനം : തത്ത്വവും പ്രയോഗവും

Code : MAL4C014

സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാഹിത്യപരവുമായ അന്തരാഷ്ട്രബന്ധങ്ങളുടെ വ്യത്യസ്ത മാനങ്ങൾക്കിടയിൽ ഒരു പാലമാണ് വിവർത്തനം. സങ്കീർണ്ണമായ വെല്ലുവിളികൾ ഉയർത്തുന്ന ഒരു സാംസ്കാരികപ്രവർത്തനമാണ് വിവർത്തനം. വിവർത്തനത്തിന്റെ താത്ത്വികവും പ്രായോഗികവുമായ അവസ്ഥകളെക്കുറിച്ച് സാമാന്യമായി

മനസിലാക്കുക. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും വിവർത്തനം ചെയ്യാനുള്ള കഴിവ് സമ്പാദിക്കുക. വിവർത്തനത്തിന്റെ മേഖലയും അന്തർദേശീയവുമായ ഉദ്ദേശ്യലക്ഷ്യങ്ങളെയും ജോലിയിൽ സാധ്യതകളെയും അറിഞ്ഞ് മനസിലാക്കുക

## 3 A വിമർശനസിദ്ധാന്തങ്ങൾ (Critical Theories)

സാമൂഹിക ശാസ്ത്രങ്ങളിൽ നിന്നും മാനവിക വിഷയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ പ്രയോജനപ്പെടുത്തി സമൂഹത്തെയും സംസ്കാരത്തെയും വിശകലനം ചെയ്യുന്ന ചിന്താ പദ്ധതിയാണ് വിമർശനതന്ത്രം. ഹെർബർട്ട് മാർക്യൂസ്, തിയഡോർ അഡോർണോ, മാക്സ് ഹോർക്കൈമർ, വാൾട്ടർ ബെഞ്ചമിൻ, എറിക് ഫ്രോം - എന്നീ ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ ചിന്തകളിലൂടെയാണ് വിമർശനാത്മക ചിന്ത വികസിക്കുന്നത്. ഘടനാവാദത്തിന്റെയും ഘടനാനന്തരവാദത്തിലൂടെയും 1960 കളിലും എൺപതുകളിലും ഈ പാശ്ചാത്യ ചിന്താലോകത്ത് ചില മാറ്റങ്ങൾ സംഭവിച്ചു. സൈദ്ധാന്തികർ ദറിദ തുടങ്ങിയവരുടെ ചിന്തകൾ പിൽക്കാലത്ത് വിമർശനാത്മകചിന്തകളെന്ന് പുതിയ വിതാനങ്ങൾ സംഭവിച്ചു. മാനസിക വിശകലനം, സ്ത്രീവാദം, സംസ്കാരം, സാഹിത്യം തുടങ്ങിയ മേഖലകളിലെല്ലാം ചില പുനഃക്രമീകരണങ്ങളും പുതിയ ചിന്താഗതികളെയും ഉൾക്കൊണ്ടുകൊണ്ടാണ് വിമർശനാത്മകചിന്ത സമാഹരിച്ചു. ഇരുപതാം നൂറ്റാണ്ടിലെ പ്രധാന ചിന്തകന്മാരെയും അവരുടെ ചിന്താ പദ്ധതികളെയും ഈ കോഴ്സ് സാമാന്യമായി പരിചയപ്പെടുത്തുന്നു.

മനസിലാക്കുക. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും വിവർത്തനം ചെയ്യാനുള്ള കഴിവ് സമ്പാദിക്കുക. വിവർത്തനത്തിന്റെ ദേശീയവും അന്തർദ്ദേശീയവുമായ ഉദ്യോഗസാധ്യതകളെയും തൊഴിൽ സാധ്യതകളെയും അറിഞ്ഞ് മനസിലാക്കു

5 A വിമർശനസിദ്ധാന്തങ്ങൾ (Critical Theories)

സാമൂഹിക ശാസ്ത്രങ്ങളിൽ നിന്നും മാനവികവിഷയങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ പ്രയോജനപ്പെടുത്തി സമൂഹത്തെയും സംസ്കാരത്തെയും വിശകലനം ചെയ്യുന്ന ചിന്താപദ്ധതിയാണ് വിമർശനസിദ്ധാന്തം. ഹെർബർട്ട് മാർക്യൂസ്, തിയോഡർ അഡോർണോ, മാക്സ് ഹോർക്ഹൈമർ, വാൾട്ടർ ബെഞ്ചമിൻ, എറിക് ഫ്രോം - എന്നീ ഫ്രാങ്ക്ഫർട്ട് ചിന്തകരുടെ ചിന്തകളിലൂടെയാണ് വിമർശനാത്മക ചിന്ത വികസിക്കുന്നത്. ഘടനാവാദത്തിന്റെയും ഘടനാനന്തരവാദത്തിലൂടെയും 1960 കളിലും എഴുപതുകളിലും പാശ്ചാത്യചിന്താലോകത്ത് ചില മാറ്റങ്ങൾ സംഭവിച്ചു. സൊസ്യൂർ, ദറിദ തുടങ്ങിയവരുടെ ചിന്തകൾ പിൽക്കാലത്ത് വിമർശനാത്മകചിന്തകളെന്ന് പുതിയ ദിശാപഥങ്ങൾ സംഭവിച്ചു. മാനസിക വിശകലനം, സ്ത്രീവാദം, സംസ്കാരം, സാഹിത്യം തുടങ്ങിയ മേഖലകളിലെല്ലാം ചില പുനഃക്രമീകരണങ്ങളെയും പുതിയ ചിന്താഗതികളെയും ഉൾക്കൊള്ളിച്ചതിന് വിമർശനാത്മകചിന്ത സഹായിച്ചു. ഇരുപതാം നൂറ്റാണ്ടിലെ പ്രധാന ചിന്തകന്മാരെയും അവരുടെ ചിന്താപദ്ധതികളെയും ഈ കോഴ്സ് സമഗ്രമായി പരിചയപ്പെടുത്തുന്നു.

4. B ജനപ്രിയസാഹിത്യം (Popular Literature)

Code : MAL3E 3/12.

കുറഞ്ഞ സമയം കൊണ്ട് ആളുകളെ ഏറെ ആസ്വദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ജനപ്രിയസാഹിത്യത്തിന്റെ ആരംഭം. എല്ലാ കാലങ്ങളിലും ലളിതവും ഗൗരവവുമായ ആഖ്യാനങ്ങൾ കാണാം. മലയാളത്തിൽ കഥാസാഹിത്യത്തിലാണ് ജനപ്രിയ സ്വഭാവം പ്രകടമായി കാണുന്നത്. 1950 കൾക്കു ശേഷം പ്രചരിച്ച നീണ്ടകഥകളും ഡിറ്റക്ടീവ് നോവലുകളും ജനപ്രിയ സ്വഭാവം കാണിച്ചിരുന്നു. മലയാളത്തിൽ പ്രധാനമായും നിരൂപകന്മാരും അവഗണിക്കുകയോ നിരാകരിക്കുകയോ ചെയ്ത ജനപ്രിയസാഹിത്യത്തെ കുറിച്ച് ഗൗരവത്തോടെ നോക്കിക്കാണുക, ഏതൊക്കെ മാധ്യമങ്ങളിലൂടെ അവയുടെ സവിശേഷതകൾ പഠിക്കുക, അവ സമൂഹത്തിന് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക ഇങ്ങനെയൊക്കെയാണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്.

4. B ജനപ്രിയസാഹിത്യം (Popular Literature)

Code : MAL3E 3/12.

കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പേരെ ആസ്വദിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ജനപ്രിയസാഹിത്യത്തിന്റെ ആരംഭം. ഏത് കാലങ്ങളിലും ചിന്താപരവും ഗൗരവമായ ഭിന്നസ്വരങ്ങൾ കാണാം. മലയാളത്തിന്റെ കഥാനായക സാഹിത്യത്തിലാണ് ജനപ്രിയസ്വഭാവം പ്രകടമായി കണ്ടത്. 1950 കൾക്ക് ശേഷം പ്രചരിച്ച നീണ്ടകഥകളും ഡിറ്റക്ടീവ് നോവലുകളും ജനപ്രിയസ്വഭാവം കാണിച്ചിരുന്നു. മലയാളത്തിന്റെ പ്രമാണിമാരും നിരൂപകന്മാരും അവഗണിക്കുകയോ നിരാകരിക്കുകയോ ചെയ്ത ജനപ്രിയസാഹിത്യത്തെ ഇവിടെ ഗൗരവത്തോടെ നോക്കിക്കാണുക, ഏതാനും മാതൃകകളിലൂടെ അവയുടെ സവിശേഷതകൾ പഠിക്കുക, അവ സമൂഹത്തിന് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക ഇവയൊക്കെയാണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്.